# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-IDK-9/901/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 22/07/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-IDK-9/901/2022 തീയ്യതി: 22/07/2022

## ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-07-2020 മുതൽ 19-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കിഷോർ തോമസ് എം | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2022 | 28-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2022 | 28-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സണ്ണി എം.യു,ഓഡിറ്റ് ഓഫീസർ
ശ്രീ എം.കെ അഭിലാഷ്,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ എബി എബ്രാഹം,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഡെന്നീസ് ജോസഫ്,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വി.ആർ ശശി | പ്രസിഡന്റ് | 01-04-2020 | 29-11-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 30-11-2020 | 29-12-2020 |

| | | | |
|---|---|---|---|
| ശ്രീ സുരേഷ് കുഴിക്കാട്ട് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി പി.റ്റി ഷൈലജ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ടിന്റുമോൾ ജോസഫ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ ഇന്ദു നാരായണൻ | വെറ്ററിനറി സർജൻ | 01-04-2020 | 08-07-2020 |
| ഡോ റോസ് മേരി മാത്യു | വെറ്ററിനറി സർജൻ | 09-07-2020 | 02-09-2020 |
| ഡോ ഇന്ദു നാരായണൻ | വെറ്ററിനറി സർജൻ | 03-09-2020 | 01-03-2021 |
| ഡോ റോസ് മേരി മാത്യു | വെറ്ററിനറി സർജൻ | 02-03-2021 | 31-03-2021 |
| ഡോ ഇവിൻ എബ്രാഹം | മെഡിക്കൽ ഓഫിസർ,പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ റോണ എബ്രാഹം മറ്റം | മെഡിക്കൽ ഓഫിസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ ഗ്രേസി പി | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീ സുമേഷ് സോമൻ | വി.ഇ.ഒ | 01-04-2020 | 18-09-2020 |
| ശ്രീ അജീഷ് കുര്യൻ | വി.ഇ.ഒ | 19-09-2020 | 31-03-2021 |
| ശ്രീമതി ടിന ജോയി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി കാതറിൻ ജമ്മ | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി രാജിമോൾ രാജു | അസി.എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രമീത ടി ജോസ് | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി മിനിമോൾ കെ.എൻ | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.K.Abhilash (Asst. Audit Officer, On 24-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 15-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: M.K.Abhilash (Asst. Audit Officer, On 28-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 15-07-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: M.K.Abhilash (Asst. Audit Officer, On 21-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 19-07-2022) | 1-3 |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ<br>Written By: M.K.Abhilash (Asst. Audit Officer, On 21-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 15-07-2022) | 1-3-1 |
| 5 | പദ്ധതി അവലോകനം<br>Written By: M.U.Sunny (Audit Officer, On 27-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 15-07-2022) | 1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.U.Sunny (Audit Officer, On 27-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 15-07-2022) | 1-5 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: M.U.Sunny (Audit Officer, On 27-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 15-07-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: M.U.Sunny (Audit Officer, On 27-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 15-07-2022) | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: M.U.Sunny (Audit Officer, On 30-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 15-07-2022) | 1-8 |
| 10 | വാർഷിക കണക്കുകളുടെ അപാകത<br>Written By: M.K.Abhilash (Asst. Audit Officer, On 24-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 15-07-2022) | 1-9-1 |
| 11 | ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ, ബി-16 ഷെഡ്യൂൾ എന്നിവ പൊരുത്തപ്പെടുന്നില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 24-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 15-07-2022) | 1-9-2 |
| 12 | വസ്തുനികുതി, വാർഷിക കണക്ക്, സഞ്ചയ തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 24-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 15-07-2022) | 1-9-3 |
| 13 | തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നു<br>Written By: M.K.Abhilash (Asst. Audit Officer, On 24-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 19-07-2022) | 1-9-4 |
| 14 | ഡെപ്പോസിറ്റ് രജിസ്റ്റർ അപാകത<br>Written By: M.K.Abhilash (Asst. Audit Officer, On 24-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 19-07-2022) | 1-9-5 |
| 15 | തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും പതിമൂന്ന് ലക്ഷത്തോളം രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു.<br>Written By: M.K.Abhilash (Asst. Audit Officer, On 23-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 15-07-2022) | 1-10 |
| 16 | ലൈസൻസ് ഫീസിൽ കുറവ്<br>Written By: DENNIS JOSEPH (Auditor, On 27-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 15-07-2022) | 1-11 |
| 17 | പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്, ഉപയോഗശൂന്യമായി നശിക്കുന്നു<br>Written By: Eby Abraham (Senior Grade Auditor, On 23-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 19-07-2022) | 1-12 |
| 18 | കുടുംബശ്രീ -അക്കൗണ്ടിൽ അരക്കോടിയോളം രൂപ അവശേഷിക്കുന്നു<br>Written By: M.K.Abhilash (Asst. Audit Officer, On 24-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 15-07-2022) | 1-13 |
| 19 | വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം- സർവ്വീസ് പെൻഷണർക്ക് ധനസഹായം നൽകി | 1-14 |

| | | |
|---|---|---|
| | Written By: Eby Abraham (Senior Grade Auditor, On 23-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 19-07-2022) | |
| 20 | ഇ ടെണ്ടർ-ടെണ്ടർ ഫാറ വില,നിരത ദ്രവ്യം എന്നിവ ഗ്രാമ പഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 29-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 22-07-2022) | 1-15 |
| 21 | മേപ്പാറ തമിഴ് സ്കൂൾ പുനരുദ്ധാരണം-എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി അളവിനേക്കാൾ അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് പരിഗണിച്ചില്ല<br>Written By: M.U.Sunny (Audit Officer, On 29-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 18-07-2022) | 1-16 |
| 22 | വിവിധ വിഭാഗങ്ങൾക്കുള്ള വനിത ആട് വളർത്തൽ പദ്ധതി -വിതരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: M.U.Sunny (Audit Officer, On 29-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 22-07-2022) | 1-17 |
| 23 | കാലി വീപ്പ വില തനതു ഫണ്ടിൽ സൂക്ഷിക്കുന്നു<br>Written By: M.U.Sunny (Audit Officer, On 29-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 19-07-2022) | 1-18 |
| 24 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: M.U.Sunny (Audit Officer, On 29-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 22-07-2022) | 1-19 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപ്പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: M.U.Sunny (Audit Officer, On 29-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 18-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് നിനിയോഗം<br>Written By: M.U.Sunny (Audit Officer, On 28-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 18-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ<br>Written By: M.U.Sunny (Audit Officer, On 28-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 18-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.U.Sunny (Audit Officer, On 28-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 18-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: M.U.Sunny (Audit Officer, On 28-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 18-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.U.Sunny (Audit Officer, On 28-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 18-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.U.Sunny (Audit Officer, On 28-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 18-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.U.Sunny (Audit Officer, On 28-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 22-07-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: M.U.Sunny (Audit Officer, On 28-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 18-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.U.Sunny (Audit Officer, On 29-06-2022)<br>Last Updated By: DENNIS JOSEPH (Auditor, On 22-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.U.Sunny (Audit Officer, On 28-06-2022)<br>Last Updated By: Sajitha K. (Computer Assistant, On 19-07-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

10.02.2020- ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കി അവതരിപ്പിച്ച തൻ വർഷത്തെ ബജറ്റ് ഭരണസമിതി 10.03.2020-ൽ ചർച്ച ചെയ്ത് ₹1,20,76,785/- മുന്നിരിപ്പും ₹22,90,39,200/- വരവും ₹23,98,16,000/- ചെലവും ₹12,99,985/- മിച്ചവും വരുന്ന ബജറ്റ് ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 214(1) പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ്-ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശം ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങളെ പരിഗണിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കേണ്ടതുമാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 25.06.2021 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 21604250 | 21604250 | 20898233 | 706017 |
| | പട്ടിക ജാതി വിഭാഗം | 0 | 4081165 | 4081165 | 3453742 | 627423 |
| | പട്ടിക വർഗ്ഗ വിഭാഗം | 0 | 1852069 | 1852069 | 1807314 | 44755 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 0 | 15755000 | 15755000 | 15755000 | 0 |
| | റോഡിതരം | 0 | 5450000 | 5450000 | 5330483 | 119517 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഉപാധി | 0 | 7640000 | 7640000 | 3609731 | 4030269 |
| | ഉപാധി രഹിതം | 0 | 12840721 | 12840721 | 8527363 | 4313358 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ സി . പി. എസ് | 876022 | 1021047 | 1897069 | 590907 | 1306162 |
| | സമ്പൂർണ്ണ ശുചിത്വം | 0 | 1275736 | 1275736 | 1275736 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | പകർച്ച വ്യാധി നിയന്ത്രണം | 0 | 500000 | 500000 | 0 | 500000 |
| | ലൈഫ് സംസ്ഥാന വിഹിതം | 2950000 | 12910000 | 15860000 | 11702860 | 4157140 |
| | പട്ടികവർഗ വികസനം | 1066941 | | 1066941 | 0 | 1066941 |
| | സാമൂഹ്യനീതി വകുപ്പ് | 22000 | | 22000 | 7582 | 14418 |
| | സമ്പൂർണ്ണ ശുചിത്വം | 791761 | 1128087 | 1919848 | 972456 | 947392 |
| കില | പരിശീലനം | 0 | 19238 | 19238 | 19238 | 0 |
| റവന്യൂ | ഇലക്ഷൻ | 0 | 57700 | 57700 | 57700 | 0 |
| ജില്ലാ പഞ്ചായത്ത് | ജനകീയ ഹോട്ടൽ | 0 | 20000 | 20000 | 20000 | 0 |
| കെ.എസ്.എഫ്.ഇ | ടെലിവിഷൻ ഗ്രാന്റ് | 0 | 29350 | 29350 | 19350 | 10000 |

### 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

**1. സ്രോതസ്സിൽ നിന്നും കുറവ് വരുത്തുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല**

എ) വികസന ഫണ്ട്-പൊതുവിഭാഗം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 43/21/ധനം<br>തീ: 01.01.2021 | 5808700 | ₹438000<br>(അംഗനവാടി ജീവനക്കാരുടെ വേതനം)<br>₹1581059<br>(ലൈഫ് ഭവന പദ്ധതി) | 3789641 |
| 2 | സ.ഉ (സാധാ) 4461/2020/ധനം<br>തീ: 03.08.2020 | 2050300 | ₹438000<br>(അംഗനവാടി ജീവനക്കാരുടെ വേതനം)<br>₹1581059<br>(ലൈഫ് ഭവന പദ്ധതി) | 32141 |
| 3 | സ.ഉ. (സാധാ) 2657/2020/ധനം<br>തീ:01.04.2020 | 6378000 | ₹438000<br>(അംഗനവാടി ജീവനക്കാരുടെ വേതനം) | 5940000 |

ബി) വികസന ഫണ്ട് – പട്ടിക ജാതി  വിഭാഗം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 43/21/ധനം<br>തീ: 01.01.2021 | 1063000 | ₹161098<br>(ലൈഫ് ഭവന പദ്ധതി) | 901902 |
| 2 | സ.ഉ (സാധാ) 4461/2020/ധനം<br>തീ: 03.08.2020 | 531500 | ₹161098<br>(ലൈഫ് ഭവന പദ്ധതി) | 370402 |

സി) വികസന ഫണ്ട് – പട്ടിക വർഗ്ഗ  വിഭാഗം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 43/21/ധനം<br>തീ: 01.01.2021 | 571700 | ₹205098<br>(ലൈഫ് ഭവന പദ്ധതി) | 366602 |
| 2 | സ.ഉ (സാധാ) 4461/2020/ധനം<br>തീ: 03.08.2020 | 295750 | ₹205098<br>(ലൈഫ് ഭവന പദ്ധതി) | 80652 |

ഡി) സംരക്ഷണ ഗ്രാന്റ് – റോഡിതരം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 4444/20/ധനം തീ: 03.08.2020 | 1816700 | ₹55124 (വോട്ടിംഗ് മെഷീൻ) | 1761576 |

**2. സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്താത്തതിനാൽ ലാപ്സായി പോയ തുകയുടെ വിവരം കൃത്യമായി പ്രതിഫലിക്കുന്നില്ല.**

| ഫണ്ടിനം | | വരവ് ₹ | | ലാപ്സായി പോയ തുക ₹ | |
|---|---|---|---|---|---|
| | | യഥാർത്ഥം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | യഥാർത്ഥം |
| വികസന ഫണ്ട് | പൊതു വിഭാഗം | 21604250 | 17128132 | (-)3770101 | 706017 |
| | പട്ടിക ജാതി വിഭാഗം | 4081165 | 3758969 | 305227 | 627423 |
| | പട്ടിക വർഗ്ഗ വിഭാഗം | 1852069 | 1441873 | (-)365441 | 44755 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 5450000 | 5394876 | 64393 | 119517 |

3. വരവിൽ ഉൾപ്പെടുത്തിയിട്ടില്ല

തൻ വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് മറ്റ് ഫണ്ടുകൾ തുടങ്ങിയവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ | പദ്ധതി അടങ്കൽ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി ചെലവ് | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 245 | 237963649 | 214 | 84173418 | 31 | 87.34 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്ക്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ | അടങ്കൽ(₹) | ചെലവ്(₹) | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 3974080 | 3685275 | 92.73 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 7 | 7 | 1837921 | 1736183 | 94.46 |
| മെഡിക്കൽ ഓഫീസർ (ആയൂർവേദം | 4 | 4 | 977269 | 977269 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 255000 | 252634 | 91.23 |
| വെറ്ററിനറി സർജൻ | 11 | 9 | 5556300 | 2722200 | 48.99 |
| വി.ഇ.ഒ | 16 | 15 | 162761758 | 25452413 | 15.64 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 4971440 | 4480291 | 90.12 |
| സെക്രട്ടറി | 27 | 19 | 11391696 | 9810478 | 86.12 |

| | | | | | |
|---|---|---|---|---|---|
| അസി.സെക്രട്ടറി | 10 | 10 | 1666925 | 1621750 | 97.29 |
| ഡയറി ഫാം ഇൻസ്പക്ടർ | 2 | 2 | 1594058 | 294058 | 18.44 |
| അസി.എഞ്ചിനിയർ | 142 | 126 | 40962202 | 33030820 | 80.63 |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 0 | 1875000 | 0 | 0 |
| ഹെഡ് മാസ്റ്റർ | 2 | 2 | 140000 | 130047 | 92.89 |
| ആകെ | 245 | 214 | 237963649 | 84173418 | 35.37 |

വികസന ഫണ്ട് പൊതുവിഭാഗത്തിന്റെ 82.15%ഉം എസ്.സി.പി ഫണ്ടിന്റെ 74.64% ഉം ടി.എസ്.പി ഫണ്ട് 76.90% ഉം വിനിയോഗിച്ചിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് റോഡിതര വിഭാഗത്തിൽ 84.86% ഉം റോഡിനത്തിൽ 85.61% ഉം വിനിയോഗിച്ചിട്ടുണ്ട്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ നിർവ്വഹണം | 2396 | 2029330 | 2031726 | 1555519 | 476207 |
| തൊഴിലാളികളുടെ കൂലി (നേരിട്ട് നൽകുന്നത്) | 0 | 58897907 | 58897907 | 58897907 | 0 |

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2034100 | 125 |
| വിധവാപെൻഷൻ | 12451300 | 807 |
| വാർദ്ധക്യകാല പെൻഷൻ | 33482900 | 2206 |
| വികലാംഗ പെൻഷൻ | 4442200 | 289 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 257200 | 20 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 210000 | 7 |
| തൊഴിലില്ലായ്മ വേതനം | 720 | 1 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 2214/- (രണ്ടായിരത്തി ഇരുനൂറ്റി പതിനാല് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ കാര്യക്ഷമമായ രീതിയിൽ നടപ്പാക്കി വരുന്നുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. സൂചിക സോഫ്റ്റ് വെയർ മുഖേനയുള്ള ഫയൽ ട്രാക്കിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് മികച്ച നിലയിൽ പ്രവർത്തിച്ചു വരുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ അക്കൗണ്ടുകളും രജിസ്റ്ററുകളും കുറ്റമറ്റ

രീതിയിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. 22.9.2020 മുതൽ ഗ്രാമ പഞ്ചായത്തിൽ ILGMS അക്കൗണ്ടിംഗ് സമ്പ്രദായം നിലവിൽ വന്നിട്ടുണ്ട്. സാംഖ്യയിൽ ലഭ്യമായിരുന്ന ചെക്ക് ഇഷ്യൂ രജിസ്റ്റർ, ചെക്ക് റിസീവ്ഡ് രജിസ്റ്റർ എന്നിവ ILGMS ൽ ലഭ്യമല്ല. കൃത്യമായ നിർദ്ദേശങ്ങളുടെ അഭാവം മൂലം രജിസ്റ്ററുകളുടെ പരിപാലനത്തിൽ ഏകീകൃത രീതിയില്ല. രജിസ്റ്ററുകളുടെ അഭാവത്തിൽ ഓൺലൈനായി ലഭിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുവാൻ കഴിയുന്നില്ല.

1-9-1 വാർഷിക കണക്കുകളുടെ അപാകത

1) ഓരോ ഇനത്തിലുള്ള അസറ്റ് വിവരം വാർഷിക കണക്കുകളിൽ പരാമർശിച്ചിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) വസ്തു നികുതി കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

1-9-2 ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ, ബി-16 ഷെഡ്യൂൾ എന്നിവ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് ₹48,956,666/-ആയിരിക്കെ ബി-16 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് ₹42,268,499/- ആണ്. പ്രസ്തുത വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

1-9-3 വസ്തുനികുതി, വാർഷിക കണക്ക്, സഞ്ചയ തുകകൾ പൊരുത്തപ്പെടുന്നില്ല

വാർഷികകണക്ക് - സഞ്ചയ കണക്കുകൾ താഴെ പരാമർശിക്കും പ്രകാരം വ്യത്യാസപ്പെടുന്നു.

| | വാർഷികകണക്ക് | | | സഞ്ചയ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് (ബുക്ക് അഡ്ജസ്റ്റ്മെന്റിന് ശേഷം) ₹ |
| മുൻവർഷം | 205385 | 130024 | 68860 | 241778 | 136862 | 105023 |
| തൻവർഷം | 3635134 | 3477739 | 164786 | 3822287 | 3653915 | 162504 |

ഇത്തരത്തിൽ വ്യതിയാനം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-9-4 തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നു

ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നുണ്ട്. വിശദാംശം താഴെ നൽകുന്നു.

| ക്രമ നം. | ബാങ്ക് | **31.03.2021**-ലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | യു.ബി.ഐ 7148 | 9813104 |
| 2 | എസ്.ബി.ഐ 36933371901 | 6936074 |
| 3 | ജില്ലാ സഹകരണ ബാങ്ക് 120481201220001 | 11306940 |

തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.05.2011-ലെ 58725/എഫ്.എം3/2008 നമ്പരായുള്ള സർക്കുലറിലെ നിർദ്ദേശാനുസരണം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം തനത് ഫണ്ട് നിക്ഷേപിക്കേണ്ടതാണ്.

1-9-5 ഡെപ്പോസിറ്റ് രജിസ്റ്റർ അപാകത

340100101 Contracotr's EMD എന്ന ഹെഡിലെ ചെലവ് കണക്കുകൾ താഴെ പരാമർശിക്കും പ്രകാരം വ്യത്യസപ്പെട്ടിരിക്കുന്നു.

| ഹെഡിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ₹ | ചെലവ് ₹ | ബാക്കി ₹ |
|---|---|---|---|---|---|---|
| 340100101 Contracotr's EMD | വാർഷിക കണക്കുകൾ | 93800 | 43600 | 137400 | 48800 | 56100 |
| | രജിസ്റ്റർ | 93800 | 43600 | 137400 | 81300 | 56100 |

വ്യത്യാസം വന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

1-10 തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും പതിമൂന്ന് ലക്ഷത്തോളം രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു.

തൻവർഷം ₹1509699/- തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവുകൾക്കായി നൽകിയിട്ടുണ്ട്. മുൻബാക്കി ഉൾപ്പെടെ തിരികെ ലഭിക്കുവാനുള്ള തുകയുടെ വിശദാംശം താഴെ നൽകുന്നു.

| മുന്നിരിപ്പ് ₹ | തൻവർഷം നൽകിയത്₹ | ആകെ ₹ | തിരികെ ലഭിച്ചത്₹ | തിരികെ ലഭിക്കുവാൻ അവശേഷിക്കുന്ന തുക ₹ |
|---|---|---|---|---|
| 1323882 | 1509699 | 2833581 | 1543282 | 1290200 |

തുക തിരികെ ലഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്

1-11 ലൈസൻസ് ഫീസിൽ കുറവ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 164 സ്ഥാപനങ്ങൾ തൻവർഷം ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുണ്ട്. ഇതിൽ 11 സ്ഥാപനങ്ങളിൽ നിന്നും ₹300/- വീതമാണ് ഈടാക്കിയിട്ടുള്ളത്. അപേക്ഷകളിലും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിലും സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ജി.ഒ.(പി) 80/2017/ ത.സ്വ.ഭ.വ തീയതി. 31.10.2017 പ്രകാരം കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്യുകയും 2-ാം പട്ടിക പ്രകാരമുള്ള ഫീസിനായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ 5 സ്ലാബുകളായി തിരിച്ച് മൂലധനനിക്ഷേപം വളരെക്കുറഞ്ഞ സ്ഥാപനങ്ങളെ മൈക്രോ സംരംഭങ്ങളുടെ ഗണത്തിൽപ്പെടുത്തി പരമാവധി ₹500/- ഫീസ് ഈടാക്കുവാൻ നിർദ്ദേശിക്കുന്നുണ്ട്. ഭേദഗതി ചട്ടങ്ങൾ നിലവിൽ വന്ന് മൂന്ന് വർഷങ്ങൾക്കു ശേഷവും പുതുക്കിയ നിരക്കിൽ ഫീസ് ഈടാക്കാത്ത നടപടി അംഗീകരിക്കാവുന്നതല്ല. പുതുക്കിയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-12 പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്, ഉപയോഗശൂന്യമായി നശിക്കുന്നു

| | |
|---|---|
| പദ്ധതി നമ്പർ/പദ്ധതി | 308/20-21, അംഗനവാടികൾക്ക് പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, കാഞ്ചിയാർ |
| അടങ്കൽ ₹ | 4,05,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് ₹ | 4,03,500/- |
| ബിൽ നം, തീയതി/ തുക₹ | 20100852009101325805/22.03.21/4,03,500/- |

വി.ഇ.ഒ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ 30 അംഗൻവാടികൾക്ക് പോർട്ടബിൾ

ബയോഗ്യാസ് പ്ലാന്റ് വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ കൊറോണവ്യാധി മൂലം 30 അംഗൻവാടികളും നാളുകളായി പ്രവർത്തിക്കാത്തതിനാലും പല അംഗൻവാടികളിലും കുട്ടികളുടെ എണ്ണം വളരെ കുറവായതിനാലും പ്ലാന്റ് പ്രവർത്തിക്കുന്നതിനാവശ്യമായ ഭക്ഷണാവശിഷ്ടങ്ങൾ ലഭിക്കാത്തതിനാലും ഒരു അംഗൻവാടിയിൽ പോലും ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നില്ല. ഒന്നിന് ₹13450/- വീതം 30 എണ്ണത്തിന് ₹403500/- ചെലവ് വന്ന പദ്ധതിയാണിത്. അംഗൻവാടികൾക്ക് പകരം കുട്ടികളുടെ എണ്ണം കൂടുതലുള്ള പഞ്ചായത്തിലെ വിവിധ സ്കൂളുകൾക്ക് മേൽ പ്ലാന്റുകൾ നൽകിയിരുന്നെങ്കിൽ പദ്ധതി വിജയപ്രദമാകുമായിരുന്നു. പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ വിജയസാദ്ധ്യത കൂടി പരിഗണിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അടുത്ത വർഷമെങ്കിലും മേൽ പ്ലാന്റുകൾ സ്കൂളുകൾക്ക് നൽകി ഗണ്യമായ തുക നൽകി വാങ്ങിയ 30 ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-13 കുടുംബശ്രീ -അക്കൗണ്ടിൽ അരക്കോടിയോളം രൂപ അവശേഷിക്കുന്നു

കുടുംബശ്രീ യൂണിറ്റിന് വിവിധ അക്കൗണ്ടുകളിലായി ₹50,37,151/- ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് നമ്പർ | 31.3.2021 ലെ ബാലൻസ് | ഫണ്ടിനം |
|---|---|---|---|
| 1 | എസ്സ്.സി.ബി കാഞ്ചിയാർ അക്കൗണ്ട് നം. 301 | 5,04,523 | തനത് ഫണ്ട് |
| 2 | എസ്സ്.സി.ബി കാഞ്ചിയാർ അക്കൗണ്ട് നം. 378 | 15,542 | എഫ്.എഫ്.സി |
| 3 | എസ്സ്.സി.ബി കാഞ്ചിയാർ അക്കൗണ്ട് നം. 534 | 10,329 | സ്നേഹനിധി |
| 4 | യൂണിയൻ ബാങ്ക് മാട്ടുകട്ട അക്കൗണ്ട് നം 7436 | 18,74,548 | തനത് ഫണ്ട് |
| 5 | യൂണിയൻ ബാങ്ക് മാട്ടുകട്ട അക്കൗണ്ട് നം 30664 | 1,64,766 | സി.ഇ.എഫ് |
| 6 | യൂണിയൻ ബാങ്ക് മാട്ടുകട്ട അക്കൗണ്ട് നം 30664 | 30,665 | പശു സഹായി |
| 7 | ഫെഡറൽ ബാങ്ക് കാഞ്ചിയാർ അക്കൗണ്ട് നം 1846 | 1,35,821 | ആശ്രയ ജനറൽ |
| 8 | ഫെഡറൽ ബാങ്ക് കാഞ്ചിയാർ അക്കൗണ്ട് നം 1853 | 21,17,128 | ആശ്രയ എസ്.റ്റി |
| | ആകെ | 48,53,322 | |

ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുപയോഗിക്കേണ്ട പണം നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ഉചിതമല്ല. പാവപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

### 1-14 വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം- സർവ്വീസ് പെൻഷണർക്ക് ധനസഹായം നൽകി

| | |
|---|---|
| പദ്ധതി നമ്പർ/പദ്ധതി | 109/20-21, വീട് വാസയോഗ്യമാക്കൽ (എസ്.സി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, കാഞ്ചിയാർ |
| അടങ്കൽ ₹ | 8,00,000/-(എസ്.സി.പി) |
| ചെലവ് ₹ | 4,75,000/- |
| ബിൽ നം, തുക₹,തീയതി | 20100852009100660869, 175000, 27.10.20<br>20100852009100751366, 75000, 19.11.20<br>20100852009100763665, 25000, 24.11.20<br>20100852009100855380, 60000, 23.12.20<br>20100852009100918672, 40000, 11.01.21<br>20100852009100660869, 50000, 22.01.21<br>20100852009101045163, 25000, 06.02.21 |

| | |
|---|---|
| | 20100852009101224941, 25000, 10.03.21 |

വി.ഇ.ഒ കാഞ്ചിയാർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (എസ്.സി) പ്രകാരം കമലമ്മ കെ.ആർ, പുത്തൻവിളയിൽ, കാഞ്ചിയാർ എന്ന വ്യക്തിക്ക് 2 ബില്ലുകളിലായി ₹50,000/- നൽകിയതായി കാണുന്നു. റേഷൻ കാർഡിൽ ടിയാളെയും ടിയാളുടെ ഭർത്താവിനെയും സർവ്വീസ് പെൻഷണർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സർവ്വീസ് പെൻഷൻ ലഭിക്കുന്ന വ്യക്തിക്ക് വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി 1/22.06.2022) നൽകിയ മറുപടിയിൽ ടിയാൾക്ക് വാർഷിക വരുമാനം 3 ലക്ഷം രൂപ എന്ന പരിധിയിൽ അധികരിക്കുന്നില്ലായെന്നും ₹10000/- മാത്രമാണ് പ്രതിമാസ പെൻഷൻ എന്നുമാണ് അറിയിച്ചിട്ടുള്ളത്. ടിയാളുടെയും ഭർത്താവിന്റെയും മാസ പെൻഷൻ രേഖകൾ ഹാജരാക്കി മേൽ വിവരങ്ങൾ തെളിയിക്കേണ്ടതാണ്. അതുവരേയ്ക്കും ചെലവു തുക 475000 രൂപയിൽ ടിയാൾക്ക് നൽകിയ 50000 രൂപ തടസ്സം ചെയ്യുന്നു.

## 1-15 ഇ ടെണ്ടർ-ടെണ്ടർ ഫാറ വില,നിരത ദ്രവ്യം എന്നിവ ഗ്രാമ പഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

1.ഇ ടെണ്ടർ ഫാറ വില ഗ്രാമ പഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ പ്രകാരം സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ഇ-ടെൻഡർ നടപടികളിലൂടെ 82 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തികവർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില ₹ |
|---|---|---|
| 2020-21 | 6 | 12100 |

ഗ്രാമ പഞ്ചായത്തിന് അർഹതപ്പെട്ട ഇ ടെണ്ടർ ഫാറ വില തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.നിരതദ്രവ്യം തനതുഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

അമ്പലമേട് കുടിവെള്ള പദ്ധതിയുടെ (പ്രോജക്ട് 133/21) ഇ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയിരുന്നത് ശ്രീ എ.ജി ബാലകൃഷ്ണൻ എന്ന കരാറുകാരനായിരുന്നു. ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെട്ട് പ്രവൃത്തി നിർവ്വഹണ ചുമതല ഏറ്റെടുക്കാത്ത സാഹചര്യത്തിൽ കരാറുകാരന്റെ നിരതദ്രവ്യമിനത്തിലുള്ള ₹21300/-തനതുഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് 20.10.2020 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി 3(1) നമ്പർ ആയി തീരമാനമെടുത്തിരുന്നു. എന്നാൽ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയരുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള നിരതദ്രവ്യം തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ₹23100/-ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-16 മേപ്പാറ തമിഴ് സ്കൂൾ പുനരുദ്ധാരണം-എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി അളവിനേക്കാൾ അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് പരിഗണിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനിയർ |
| പ്രോജക്ട് നം | 277/21 |
| പദ്ധതി അടങ്കൽ | ₹925000/(വി.ഫ) |
| കരാറുകാരൻ | ശ്രീ അഖിൽ ജോർജ്ജ് |
| അളവു ബുക്ക് | 628/19-20 |
| കരാർ നം | 71/27.12.18 |

| | |
|---|---|
| എസ്റ്റിമേറ്റ് തുക | ₹8,50,571/- |
| ബിൽ നം/തീയതി&തുക | 19100852013400190797/5.4.19;₹2,34,000/-<br>19100852013400817424/13.11.19;₹5,52,534/- |

മേപ്പാറ തമിഴ് സ്കൂൾ പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ഏറ്റവും കുറഞ്ഞ നിരക്കായ ₹7,86,534/- (എസ്റ്റിമേറ്റ് നിരക്കിന്റെ 92.47%) ക്വോട്ട് ചെയ്ത അമ്പാടി കൺസ്ട്രക്ഷൻസ് എന്ന കരാറുകാരനെയാണ് ഏൽപ്പിച്ചിരുന്നത്. എസ്റ്റിമേറ്റ് പ്രകാരമുള്ള ഓരോ പ്രവൃത്തി ഇനങ്ങൾക്കും പ്രത്യേകം നിരക്കുകളാണ് കരാറുകാരൻ ക്വോട്ട് ചെയ്തിരുന്നത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഇനം 10 "Reinforced Cement Concrete Work In Beams, Suspended Floors Roofs Etc. (DSR 5:3)"എന്നതായിരുന്നു. ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി അളവ് 8.5930$m^3$ ആയിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ പ്രസ്തുത പ്രവൃത്തിയുടെ അളവ് 15.29$m^3$ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 09.08.2017-ലെ ജി.ഒ.(പി)നം.3/2017/പി.ഡബ്ല്യൂ.ഡി. മാർഗ്ഗനിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് അളവിന്റെ 25% അധികമുള്ള പ്രവൃത്തി കൂടി മാത്രമാണ് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിൽ ചെയ്യുവാൻ അനുവാദമുള്ളത്. എസ്റ്റിമേറ്റ് അളവിന്റെ 25%-ലും അധികമായി ചെയ്ത പ്രവൃത്തി എക്സ്ട്രാ ഇനമായി പരിഗണിക്കുകയും ആകെയുള്ള ടെണ്ടർ കിഴിവിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിക്കുകയും ചെയ്യേണ്ടതാണ്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കുമ്പോൾ ആകെയുള്ള ടെണ്ടർ കുറവിന്റെ (7.53%കുറവ്) അടിസ്ഥാനത്തിലാണ് കരാറുകാരന് തുക അനുവദിക്കേണ്ടിയിരുന്നത്. ഒറിജിനൽ എസ്റ്റിമേറ്റിന്റെ 25% കൂടി അധികമായുള്ള 4.56$m^3$ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കായ ₹11448/- യിൽ നിന്നും 7.53% ടെണ്ടർ കിഴിവ് വരുത്തിയ ശേഷം ₹10586/$m^3$ നിരക്കാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ കരാറുകാരൻ ക്വോട്ട് ചെയ്ത തുകയെ അടിസ്ഥാനമാക്കി (എസ്റ്റിമേറ്റ് നിരക്ക്) അധികമായി ചെയ്തതുൾപ്പെടെയുള്ള മുഴുവൻ അളവിനും തുക അനുവദിച്ചിരിക്കുന്നു.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തി ഇനം | കരാറുകാരന് നൽകിയ തുക | കരാറുകാരന് നൽകാവുന്ന തുക | റിമാർക്സ് |
|---|---|---|---|
| Reinforced Cement Concrete Work In Beams, Suspended Floors Roofs Etc. (DSR 5:3) | ₹174894.72/- (15.288m3@₹11440/m3) | ₹171012/- (10.74m3@₹11440/m3+ 4.546m3@₹10586/m3) | ഒറിജിനൽ എസ്റ്റിമേറ്റ് അളവായ 8.593m3 ന്റെ 25% കൂടി അധികമായുള്ള 10.74m3 നേക്കാൾ അധികരിച്ചുള്ള 4.546m3 പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കായ ₹11448/m3 ന്റെ 92.47% മാണ് ബാധകമായിട്ടുള്ളത്. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി 4/23.6.22) മറുപടി നൽകിയിട്ടില്ല. കരാറുകാരന് അധികം നൽകിയ ₹3883/-(174895-171012) തിരികെ ഈടാക്കേണ്ടതാണ്.

1-17 വിവിധ വിഭാഗങ്ങൾക്കുള്ള വനിത ആട്ടു വളർത്തൽ പദ്ധതി -വിതരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

വിവിധ വിഭാഗങ്ങൾക്കുള്ള വനിത ആട്ടു വളർത്തൽ പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് & പദ്ധതി നം. | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ബിൽ നം/തീയതി & തുക | റിമാർക്സ് |
|---|---|---|---|---|
| ആട്ടു വളർത്തൽ വനിത ജനറൽ | ₹12,30,000/- (₹7,80,000/-വി.ഫ; | ₹9,30,000/- (₹6,30,000/- | 20100852009300416641/12.8.20 ₹3,00,000/- | |

| | | | | |
|---|---|---|---|---|
| (195/21) | ₹4,50,000-ഉ.വി) | വി.ഫ;<br>₹3,00,000/-<br>ഉ.വി) | ബിൽ നം. A1-2020/20.04.2020<br>₹3,30,000/-<br>ചെക്ക് നം. 25010301/17.08.2020<br>₹3,00,000/- | |
| ആട്ട വളർത്തൽ<br>വനിത<br>എസ്.സി<br>(189/21) | ₹10,40,000/-<br>(₹8,36,250/-വി.ഫ;<br>₹2,03,750-ഉ.വി) | ₹3,90,000/-<br>₹3,48,750/-<br>വി.ഫ ;<br>₹41,250-<br>ഉ.വി) | A2/2020/12.8.2020<br>₹2,25,000/-<br>A9/2020/28.8.20<br>₹1,23,750/-<br>ചെക്ക് നം.<br>25010302/17.08.2020<br>₹41,250/- | |
| ആട്ട വളർത്തൽ<br>വനിത<br>എസ്.ടി(188/21) | ₹375000/-(വി.ഫ) | ₹375000/-<br>വി.ഫ ) | A3/2020/20.4.20<br>₹3,75,000/- | |

ഓരോ ഗുണഭോക്താവിനും ₹7,500/- വില വരുന്ന രണ്ട് ആടുകളെ വീതം വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. മൂന്ന് പദ്ധതികളിലായി 186 ആടുകളെ ഹൈറേഞ്ച് ഫാംസ് അണക്കര എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് ആടുകൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.6/25.6.22) മറുപടി നൽകിയിട്ടില്ല. വിതരണ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുള്ള ₹13,53,750/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 കാലി വീപ്പ വില തനതു ഫണ്ടിൽ സൂക്ഷിക്കുന്നു

ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്നും കാലി വീപ്പയുടെ വിലയിനത്തിൽ കുറവു ചെയ്യുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ(പി)177/06/ധനം 12.04.06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കണമെന്ന് 30.10.2007 ലെ 59827/എഫ്.എം/07/തസ്വഭവ നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 വർഷം മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും കാലി വീപ്പയുടെ വിലയിനത്തിൽ കുറവു ചെയ്തിട്ടുള്ള തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് & പ്രോജക്ട് നം | ബിൽ നം/തീയതി | തുക(₹) | കാലി വീപ്പയുടെ വിലയിനത്തിൽ കുറവു ചെയ്തിട്ടുള്ള തുക (₹) |
|---|---|---|---|
| പള്ളിക്കവല അഞ്ചുരുളി റോഡ് (267/21) | 20100852013401151860/25.2.21 | 485623 | 3932 |
| കാവടിക്കവല ഉണ്ടത്തിൽ പടി റോഡ് (268/21) | 20100852013401151863/25.2.21 | 488667 | 1685 |
| കാവടിക്കവല ഉണ്ടത്തിൽ പടി റോഡ്(269/21) | 20100852013401151866/25.2.21 | 337725 | 1685 |
| ആകെ | | 13,12,015 | 7,302 |

കാലി വീപ്പയുടെ വിലയിനത്തിൽ മുൻ വർഷങ്ങളിൽ കളക്ട് ചെയ്തിട്ടുള്ള തുകയും ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. കാലി വീപ്പയിനത്തിലുള്ള മുഴവൻ തുകയും ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് പ്രതിരോധ സംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി 19.03.2020 ലാണ് പഞ്ചായത്ത് കമ്മിറ്റി ആദ്യമായി യോഗം ചേർന്നിട്ടുള്ളത്. 7.5.2020 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ പ്രദേശ വാസികളായ 2 പേർ,

ജനമൈത്രി പോലീസ് പ്രതിനിധി, കുടുംബശ്രീ സംഘടന പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി വാർഡ്തല കമ്മിറ്റിയും ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്, പ്രതിപക്ഷ ജനപ്രതിനിധി, സർക്കിൾ ഇൻസ്പെക്ടർ, വില്ലേജ് ഓഫിസർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പി.എച്ച്.സി മെഡിക്കൽ ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി തദ്ദേശസ്ഥാപനതല കമ്മിറ്റിയും രൂപീകരിച്ചു. എഫ്.എൽ.ടി.സി-യും കമ്മ്യൂണിറ്റി കിച്ചനമാണ് കോവിഡ്-19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ ഒരുക്കിയിട്ടുള്ള പ്രധാന സംവിധാനങ്ങൾ. FLTC യുടെ പ്രവർത്തനത്തിനായി ₹53,556/- ഗ്രാമപഞ്ചായത്ത് വിനിയോഗിച്ചു. കുടുംബശ്രീ അംഗങ്ങൾ ഉൾപ്പെട്ട യൂണിറ്റാണ് കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. റേഷൻ കടയിൽ നിന്ന് സബ്സിഡി ഇനത്തിൽ റേഷൻ സാധനങ്ങൾ ലഭ്യമായില്ല. കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും തുകയൊന്നും ലഭ്യമായില്ല.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിന് സംഭാവനകളൊന്നും ലഭ്യമായില്ല. യൂത്ത് വോളണ്ടിയർമാർക്ക് പരിശീലനം നൽകി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നിയമിച്ചില്ല. അസി.സെക്രട്ടറി ശ്രീമതി പ്രമില്ല റ്റി റോസ് ചെയർമാനായും, ജൂനിയർ സൂപ്രണ്ട് ശ്രീമതി യേശുദാസി എസ് മേരി കൺവീനറായും ഹെൽപ്പ് ഡസ്ക് രൂപീകരിച്ചിരുന്നു. ഗുരുതര രോഗ ബാധിതർക്ക് മരുന്നു വാങ്ങി നൽകുന്നതിനായി പ്രോജക്ടുകളൊന്നും ഏറ്റെടുത്തില്ല. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി തരിശു ഭൂമി കൃഷിയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്ത് ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ചെലവിനം | ഫണ്ടിനം | തുക(₹) |
|---|---|---|
| കമ്മ്യൂണിറ്റി കിച്ചൻ വേതനം | തനതു ഫണ്ട് | 12000 |
| പാചക വാതകം | തനതു ഫണ്ട് | 4785 |
| മാസ്ക് വിതരണം | വികസന ഫണ്ട് | 272500 |
| ക്വാറന്റീൻ സെന്റർ വയറിംഗ് | തനതു ഫണ്ട് | 3500 |
| മറ്റ് ചെലവുകൾ (വിവിധ മീറ്റിംഗ്, പരിശീലന പരിപാടി, ഭക്ഷണം Etc) | തനതു ഫണ്ട് | 6262 |
| ആകെ | | 299047 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപ്പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./തീയതി |
|---|---|---|
| 2020-2021 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് നിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 237343 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി എസ്.ടി(125/21) | 237343 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 59820 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി എസ്.സി(111/21) | 59820 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 28377 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി(103/21) | 28377 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 249900 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്ക സ്കോളർഷിപ്പ്(94/21) | 249900 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 860035 | അയ്യപ്പൻകോവിൽ തൂക്കുപാലം സാനിറ്ററി കോംപ്ലക്സ്(249/21) | 860035 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 100000 | ആശ്രയ പദ്ധതി (സ്പിൽ ഓവർ 170/21) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 100000 | ആശ്രയ പദ്ധതി(80/21) | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 249900 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്ക സ്കോളർഷിപ്പ്(94/21) | 249900 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 194058 | ക്ഷീരസഹകരണസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി(175/21) | 194058 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | തൻവർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവനപദ്ധതി | 267/ഡി.ബി.1/15 തസ്വഭവ തീയതി 28.09.2015 | 10000000 | 0 | 5600000 | 1000000 | | 4600000 |
| ലൈഫ് ഭവനപദ്ധതി | ജി.ഒ.(എം.എസ്) 68/18 തസ്വഭവ 18.05.2018 | 44420000 | 6390000 | 41861176 | 3894510 | 0 | 44356666 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-15 | 2006-07 | 3.35.2 | ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ ഫയലുകൾ ഹാജരാക്കി |
| 2003-04 | 3-1 | 2006-07 | 3.35.2 | ചെലവിനാധാരമായ രേഖകൾ ഹാജരാക്കിയില്ല | റവന്യൂ റിക്കവറി നോട്ടീസ് നൽകി |
| 2003-04 | 3-2 | 2006-07 | 3.35.2 | ഫയലുകൾ ഹാജരാക്കിയില്ല | |
| 2003-04 | 3-3 | 2006-07 | 3.37.1 | കമ്പ്യൂട്ടർ വാങ്ങൽ ₹54,536/-യുടെ നിരാകരണം | റവന്യൂ റിക്കവറി നോട്ടീസ് നൽകി |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് | - |
| - | - | 2015-16 | 3.6.1 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എസ്.സി./എസ്.റ്റി. വിഭാഗക്കാരുടെ പദ്ധതി നിർവഹണം പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | തുടർ നടപടികൾ പുരോഗമിക്കുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടികളുടെ വിവരം

– ഇല്ല –

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

| ക്രമ നം. | വർഷം | ഖണ്ഡിക നം. | ഉത്തരവാദിയുടെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർട്ടിഫിക്കറ്റ് നം. തീയതി | തുക ₹ | സ്വയം ഒടുക്കിയ തുക (രസീത് നമ്പർ, തീയതി | സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ (ഉണ്ട്/ഇല്ല) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | ഒടുക്കുവാൻ അവശേഷിക്കുന്ന തുക/ ബാധ്യത |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 28,30 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.16782Spl. Cell/CSC/ C1/2001 Dt.16.09.2002 | 8635 | 00 | ഇല്ല | - | - | - | - | 8635 |
| 2 | 1998-99 | 29,31 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.6678Spl. Cell/CSC/ C1/2002 Dt.20.01.2003 | 32190 | 00 | ഇല്ല | - | - | - | - | 32190 |
| 3 | 1999-00 | 31,34, 37,41, 46,48, 49,51, 52,57, 58,59, 62,64 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.15624Spl. Cell/CSC/ C1/2002 Dt.28.03.2003 | 57383 | 00 | ഇല്ല | - | - | - | - | 57383 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 4 | 1999-00 | 32 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.15624Spl. Cell/CSC/ C1/2002 Dt.28.03.2003 | 3096 | 00 | ഇല്ല | - | - | - | - | 3096 |
| 5 | 1999-00 | 33 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.15624Spl. Cell/CSC/ C1/2002 Dt.28.03.2003 | 2523 | 00 | ഇല്ല | - | - | - | - | 2523 |
| 6 | 1999-00 | 63 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.15624Spl. Cell/CSC/ C1/2002 Dt.28.03.2003 | 1253.5 | 00 | ഇല്ല | - | - | - | - | 1253.5 |
| 7 | 2000-01 | 23 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell/SC2/ 2005/ Dt. 25.04.2007 Certificate | 3300 | 00 | ഇല്ല | - | - | - | - | 3300 |
| 8 | 2000-01 | 27 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത്. ₹17830, PA Annamma- 1240/- | LF.14813/ SplCell/SC2/ 2005/ Dt.25.09.2006 Certificate (TK George- ₹17830/-) LF.14813/ SplCell/ SC2/2005/ Dt.25.04.2007 Certificate (PA Annamma- ₹1240/-) | 19070 | 00 | ഇല്ല | - | - | - | - | 19070 |
| 9 | 2000-01 | 29 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell/SC2/ 2005/ Dt.25.09.2006 | 2800 | 00 | ഇല്ല | - | - | - | - | 2800 |
| 10 | 2000-01 | 30 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell/ SC2/2005/ 25.9.2006 Certificate (TK George- ₹17830/-) LF.14813/ SplCell/ SC2/2005/ Dt.25.04.2007 Certificate (PA Annamma- ₹1240/-) | 600 | 00 | ഇല്ല | - | - | - | - | 600 |
| 11 | 2000-01 | 31 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell SC2/2005/ Dt.25.09.2006 | 1400 | 00 | ഇല്ല | - | - | - | - | 1400 |
| 12 | 2000-01 | 42(2) | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell/ SC2/2005/ Dt.25.09.2006 | 1000 | 00 | ഇല്ല | - | - | - | - | 1000 |
| 13 | 2000-01 | 43 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell/ SC2/2005/ Dt.25.09.2006 | 2287 | 00 | ഇല്ല | - | - | - | - | 2287 |
| 14 | 2001-02 | 2-3 | പി. എ. അന്നമ്മ സെക്രട്ടറി | എൽ.എഫ്. 16704/ സ്പെ.സെൽ/ എസ്.സി.സി2/ 2005/ Dt.09.05.2007 | 6924 | 00 | ഇല്ല | - | - | - | - | 6924 |
| 15 | 2004-05 | 3-5 | | എൽ.എഫ്. 17292/ സ്പെ.സെൽ/ എസ്.സി.2/ 2008/ Dt.11.05.2010 സർചാർജ്ജ് സർട്ടിഫിക്കറ്റ് | 11000 | 11000 | ഇല്ല | - | - | - | - | - |
| 16 | 2005-06 | 3-5 | മുഹമ്മദ്കഞ്ഞ് | എൽ.എഫ്. 20893/ സ്പെ.സെൽ/ എസ്.സി.2/2008 (1)/ Dt.11.06.2009 എൽ.എഫ്. 20893/ സ്പെ.സെൽ/ | 8301 | 8301 | ഇല്ല | - | - | - | - | - |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | എസ്.സി.2/2008 (2)/dt.11.06.2009 | | | | | | | | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹26440995 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹103904614 |
| ആകെ | ₹130345609 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹100813284 |
| നീക്കിയിരിപ്പ് | ₹29532325 |
| വരവിനങ്ങളിലുള്ള നഷ്ടം | -ഇല്ല- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -ഇല്ല- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1403750 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | - ഇല്ല - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 50000 | ശ്രീ അജീഷ് കുര്യൻ, വി.ഇ.ഒ |
| 1-17 | 1353750 | ഡോ.ഇന്ദു നാരായണൻ, വെറ്ററിനറി സർജൻ |
| ആകെ | 1403750 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | -ഇല്ല- |

(ഡി) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ഇന്ദു നാരായണൻ, വെറ്ററിനറി സർജൻ | ലഭ്യമല്ല | വെള്ളാപ്പള്ളിൽ (H) സുവർണ്ണഗിരി കട്ടപ്പന പി.ഒ. -685508 |
| ശ്രീ അജീഷ് കുര്യൻ, വി.ഇ.ഒ | കോ-ഓപ്പറേറ്റീവ് അസി. രജിസ്ട്രാർ ഓഫീസ്, നെടുങ്കണ്ടം | അരയത്തിനാൽ(H), വെള്ളയാംകുടി പി.ഒ, ഇടുക്കി ജില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് (ഖണ്ഡിക നം.) |
|---|---|---|---|
| 1997-98 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 1 | 21(2) |
| 1998-99 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 2 | 29,31 |
| 1999-00 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 20 | 21(1),22,23(1), 31,32,33,34, 37,41,46, 48,49,51,52,57, 58,59,62,63,64 |
| 2000-01 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 8 | 23,26,27,29, 30,31,42(2),43 |
| 2001-02 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 2 | 2-2,2-3 |
| 2002-03 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 2 | 3-1,3-15 |
| 2003-04 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 4 | 3-1,3-2,3-3,3-5 |
| 2004-05 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 1 | 3-6 |
| 2006-07 | എൽ.എഫ്.ഐ-08/539/2008/03.11.2008 | 11 | 2-1, 2-2, 2-4, 3-2, 3-4, 3-6, 3-7, 3-8, 3-9, 3-11, 4-3 |
| 2007-08 | എൽ.എഫ്.ഐ-08/1003/2009/08.07.2010 | 8 | 3-2, 3-4, 3-9, 3-10, 3-11, 4-3, 4-5, 4-6, |
| 2009-10 | എൽ.എഫ്.ഐ-09/976/2011/30.05.2012 | 5 | 3-6, 3-7, 3-9, 4-3 |
| 2010-11 | എൽ.എഫ്.ഐ-09/129/2013/04.10.2013 | 2 | 2-1, 3-4 |

| | | | |
|---|---|---|---|
| 2011-12 | എൽ.എഫ്.ഐ-09/1384/ 2013/11.07.2014 | 6 | 2-2, 3-1, 3-3,<br>3-4, 3-5, 4-1 |
| 2012-13 | എൽ.എഫ്.ഐ-09/1327/2014/15.12.2014 | 3 | 3-1, 3-2, 3-4 |
| 2013-14 | എൽ.എഫ്.ഐ-09/950/2015/12.08.2015 | 6 | 2-1, 2-2, 3-1,<br>3-2, 3-3, 3-4 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-9/90/05.03.2016 | 6 | 2-1, 3-1, 3-3,<br>3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-9/1332/19.09.2016 | 9 | 2-1, 2-2(ബി),<br>2-3, 3-1, 3-3,3-4,<br>3-5,3-6, 3-7(2) |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-9/1312/2017<br>തീയതി. 27.08.2017 | 6 | 1-12, 2-1, 2-2,<br>3-1, 3-5, 3-6 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-9/934/2018<br>തീയതി. 26.09.2018/04.10.2018 | 3 | 1-12, 3-2, 3-3 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-9/833/2019<br>തീയതി. 14.10.2019 | 3 | 1-18, 1-19, 1-20 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-9/544/20<br>തീയതി. 30.03.2021 | 12 | 1-9 മുതൽ 1-18 വരെ 1-21, 1-22 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്